III ശ്രദ്ധ ക്ഷണിക്കൽ

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

(1) വിളപ്പിൽശാല ചവർ സംസ്കരണ ഫാക്ടറി

ശ്രീ. എൻ. ശക്തൻ: സർ, എന്റെ നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന വിളപ്പിൽശാല ചവർ സംസ്കരണ ഫാക്ടറി അടച്ചുപൂട്ടണമെന്ന ആവശ്യമാണ് ശ്രദ്ധ ക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ മുമ്പിൽ ഞാൻ കൊണ്ടുവരുന്നത്. അവിടെ ഒരു ഔഷധത്തോട്ടം നിർമ്മിക്കുന്നുവെന്ന് ജനങ്ങളെ വിശ്വസിപ്പിച്ചുകൊണ്ടാണ് വിളപ്പിൽശാല ചവർ സംസ്കരണ ഫാക്ടറിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുത്തത്. അങ്ങനെ ഏറ്റെടുത്ത സ്ഥലത്ത് കഴിഞ്ഞ 11 വർഷമായി ചവർ സംസ്കരണ ഫാക്ടറി നടത്തുകയാണ്. തിരുവനന്തപുരം പോലുള്ള ഒരു വലിയ നഗരത്തിലെ മുഴുവൻ ചവറും പ്രകൃതി രമണീയമായ വിളപ്പിൽ പഞ്ചായത്തിലെ വിളപ്പിൽശാലയിൽ കൊണ്ടുവന്ന് നിക്ഷേപിക്കുന്നതിനാൽ അവിടത്തെ ജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയിരിക്കുകയാണ്. 11 വർഷമായി ഇതേ ആവശ്യം നിരന്തരം ഉന്നയിച്ചിട്ടും തിരുവനന്തപുരം കോർപ്പറേഷന്റെ കണ്ണ് തുറക്കുന്നില്ല എന്നുള്ളത് ഖേദത്തോടു കൂടി പറയട്ടെ. അവിടെ ചവർ സംസ്കരിക്കുന്നില്ല. അവിടെയിപ്പോൾ ചവർ കൊണ്ടുപോയി ഡമ്പ് ചെയ്യുകയാണ്. ചരിഞ്ഞ പ്രദേശമായതിനാൽ ചവർ ഡമ്പ് ചെയ്യുന്നതുമൂലം വെള്ളം ഒലിച്ച് തൊട്ടടുത്ത് മീനമ്പള്ളി തോട്ടിലിറങ്ങുന്നു. തോട്ടിലിറങ്ങുന്ന ഈ മലിനജലം തൊട്ടടുത്ത് കരമനയാറിൽ എത്തുകയാണ്. കരമനയാറിൽനിന്നും നാല് ശുദ്ധജലവിതരണ പദ്ധതികൾക്ക് ആവശ്യമായ വെള്ളമെടുക്കുന്നു. ശ്രീ. എം. വിജയകുമാർ മിനിസ്റ്ററുടെ നിയോജകമണ്ഡലത്തിലേക്കുള്ള ഒരു ശുദ്ധജലവിതരണ പദ്ധതിയിലെ വെള്ളം മുഴുവൻ മലിനമാണെന്ന് അവിടത്തെ ജനങ്ങൾ അദ്ദേഹത്തോട് പരാതിപ്പെട്ടപ്പോൾ അദ്ദേഹം ആ വെള്ളം പരിശോധിച്ചു. എന്നിട്ട് അദ്ദേഹം അവിടെ വന്ന് ആ പമ്പ് ഹൗസ് അടച്ചുപൂട്ടി.

സർ, ഇപ്പോൾ അവിടെ എത്തിക്കുന്നത് അരുവിക്കരയിലെ വെള്ളമാണ്. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ശ്രദ്ധിക്കണം. അങ്ങയെപ്പറ്റിയാണ് പറഞ്ഞത്. ഈ വിളപ്പിൽശാലയിലെ ചവർ സംസ്കരണ ഫാക്ടറിയിൽനിന്ന് ഒഴുകിയെത്തുന്ന മലിനജലം അങ്ങയുടെ നിയോജകമണ്ഡലത്തിൽ വെള്ളമെത്തിക്കുന്ന മലമുകൾ പമ്പ്ഹൗസിൽ കലർന്നിട്ടുണ്ടെന്ന ആളുകളുടെ പരാതിയെത്തുടർന്ന് അങ്ങുതന്നെ ആ പമ്പുഹൗസിലെത്തി, ജലം പരിശോധിച്ചിട്ട് അടച്ചുപൂട്ടാൻ നിർദ്ദേശം കൊടുത്തു, അതനുസരിച്ച് അത് അടച്ചുപൂട്ടി, ഇപ്പോൾ അരുവിക്കരയിലെ വെള്ളമാണ് അങ്ങയുടെ നിയോജക മണ്ഡലത്തിലെത്തിക്കുന്നത്. വീണ്ടും മൂന്നു ശുദ്ധജലവിതരണ പദ്ധതികൾക്ക് കരമനയാറിലെ വെള്ളമെടുക്കുന്നു. തിരുവനന്തപുരം നഗരത്തിലെ പി.ടി.പി. നഗറിലും, തിരുമലയുൾപ്പെടെയുള്ള പ്രദേശങ്ങളിലും വെള്ളമെത്തിക്കുന്നത് കരമനയാറിലെ ഈ മലിനജലമാണ്. ഇതുമാത്രമല്ല, ഈച്ചയായിരുന്നു അവിടത്തെ ഏറ്റവും വലിയ ശല്യം. ഈച്ചശല്യം ഒഴിവാക്കുന്നതിനുവേണ്ടി എൻഡോസൾഫാൻ പോലുള്ള ഏതോ മാരകമായ വിഷദ്രാവകമാണ് ഇപ്പോൾ അവിടെ പ്രയോഗിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

എൻഡോസൾഫാന് എതിരെ ഇത്രയും ശബ്ദമുയർത്തിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാനൊന്നു പറയട്ടെ, ഒരു പഞ്ചായത്തിലെ മുപ്പത്തിയൊന്നായിരം ജനങ്ങളുടെ നേർക്ക് എൻഡോസൾഫാനേക്കാൾ മാരകമായ വിഷമാണ് അവിടെ പ്രയോഗിക്കുന്നത്. അതുമൂലം ഇപ്പോൾ അവിടത്തെ ജനങ്ങളുടെ ശരീരം മുഴുവൻ ചൊറിച്ചിലാണ്. ബഹുമാനപ്പെട്ട ശ്രീ. വി. ശിവൻകുട്ടി അങ്ങാണ് ഇത് കൊണ്ടുവന്നതെന്നുള്ള പേര് ഞാനിതുവരെ പറഞ്ഞതേയില്ല. അതുകൊണ്ട് അങ്ങ് ശാന്തനായിരിക്കണം. സർ, ഈച്ചശല്യം ഒഴിവാക്കാൻ മാരക വിഷദ്രാവകം ഉപയോഗിക്കുന്നതിനാൽ ജനങ്ങളുടെ ശരീരം മുഴുവൻ ചൊറിച്ചിലാണ്. ചൊറിഞ്ഞ് അത് വ്രണമാകുന്നു. വ്രണമായാൽ അത് പൊട്ടുന്നു, കൈയും കാലും ശരീരം മുഴുവൻ വ്രണമാണ്. എന്തു മരുന്നുകഴിച്ചാലും എന്തൊക്കെ ചികിത്സ ചെയ്താലും ആ വ്രണം കരിയുന്നില്ല. അതിനുപുറമെ ആസ്മ, ഹൃദ്രോഗം, കാൻസർ തുടങ്ങിയുള്ള മാരകമായ രോഗങ്ങൾ ആ പ്രദേശത്ത് മുഴുവൻ പടർന്നുപിടിക്കുന്നു. രാത്രി ആളുകൾക്ക് ഉറങ്ങാൻ പറ്റുന്നില്ല. ശ്വാസംമുട്ടലും ചുമയും, കൊച്ചുകുട്ടികളുടെ കാഴ്ചപോലും ഇപ്പോൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. എതാണ്ട് നാൽപ്പത് ശതമാനത്തോളം കുട്ടികൾക്ക് കാഴ്ച കുറഞ്ഞിരിക്കുന്നു. നൂറിലധികം കുടുംബങ്ങൾ വീടും വസ്തുവും എല്ലാം ഉപേക്ഷിച്ച് അവിടെനിന്ന് പോയിക്കഴിഞ്ഞു. ആയിരത്തിയഞ്ഞൂറിൽപ്പരം ഏക്കർ വസ്തു ഇപ്പോൾ തരിശായിക്കിടക്കുന്നു. വാഴയും മരച്ചീനിയും പച്ചക്കറിയും കൃഷിചെയ്തിരുന്ന സ്ഥലങ്ങളിൽ ഇപ്പോൾ കൃഷിയൊന്നും ചെയ്യാതിരിക്കുന്നതുകൊണ്ട് അത് വെറുതെ തരിശായി ഇട്ടിരിക്കുകയാണ്. പട്ടിശല്യവും രൂക്ഷമായിരിക്കുന്നു. തിരുവനന്തപുരം നഗരത്തിലെ ചവർ, ലോറിയിൽ കയറ്റി ലോറി തുറന്നിട്ടിരിക്കുമ്പോൾ അവിടത്തെ പട്ടികളെല്ലാം ആ ലോറിയ്ക്കകത്തുകയറും. ചവർ കൊണ്ടിടുമ്പോൾ പട്ടിയെയും കൊണ്ടിടുന്നു. പട്ടിശല്യം മൂലം കുഞ്ഞുങ്ങൾക്ക് വഴിനടക്കാൻ കഴിയുന്നില്ല. കുഞ്ഞുങ്ങളെ കടിക്കുന്നു, വീടുകളിൽവന്ന് ആട്, പശു തുടങ്ങിയ വളർത്തുമൃഗങ്ങളെ കടിക്കുന്നു. ഇങ്ങനെ പട്ടിശല്യംകൊണ്ടും ജനങ്ങൾക്ക് അവിടെ ജീവിക്കാൻ നിവൃത്തിയില്ല. ഇപ്പോൾ ഈ ചവർ സംസ്കരണ ഫാക്ടറിക്ക് പഞ്ചായത്തിന്റെ ലൈസൻസില്ല. പഞ്ചായത്ത് കമ്മിറ്റി ഐകകണ്ഠ്യേന ഈ ഫാക്ടറി അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ടു. ഇലക്ട്രിസിറ്റി കണക്ഷൻ കട്ട് ചെയ്തുകഴിഞ്ഞു. അവിടത്തെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ഈ ചവർ ഫാക്ടറി അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ടു. മുല്ലാ പഞ്ചായത്തിന്റെ അഭിപ്രായവും ഫാക്ടറി അടച്ചുപൂട്ടണമെന്നുള്ളതുതന്നെയാണ്. അവിടെ പഞ്ചായത്ത് മെമ്പർ മുതൽ എം.എൽ.എ. വരെയുള്ള മുഴുവൻ ജനപ്രതിനിധികളുടേയും ആവശ്യം ഈ സംസ്കരണ ഫാക്ടറി അടച്ചുപൂട്ടണമെന്നാണ്. ഒരു പഞ്ചായത്തിലെ വ്യാപാരി വ്യവസായികൾ മുഴുവൻ ഹർത്താൽ ആചരിച്ച് അവിടെ സത്യാഗ്രഹം അനുഷ്ഠിക്കുകയാണ്. എല്ലാ സമുദായ സംഘടനകളും സജീവമായി രംഗത്തുവന്നിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: യേസ്, അങ്ങ് പറഞ്ഞുകഴിഞ്ഞോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ശക്തൻ : സർ, ഞാൻ പ്രസംഗം നിർത്തുകയാണ്. എല്ലാ റസിഡന്റ്സ് അസോസിയേഷനുകളും അവിടെ സമരത്തിലാണ്. ഞാൻ പ്രധാനപ്പെട്ട ആവശ്യം പറഞ്ഞില്ല. എല്ലാ മത സംഘടനകളും, എല്ലാ രാഷ്ട്രീയ കക്ഷികളും അവിടെ സമരത്തിലാണ്. ഈ ഫാക്ടറി അടച്ചുപൂട്ടുന്നതിനാവശ്യമായ. ആർക്കും ബുദ്ധിമുട്ടില്ലാത്ത ഒരു നിർദ്ദേശം ഞാൻ മുന്നോട്ടുവയ്ക്കാം. ബഹുമാനപ്പെട്ട മന്ത്രി ഒന്ന് ശ്രദ്ധിക്കണം. അവിടെ കൊണ്ടുവരുന്ന ചവർ ജനങ്ങൾക്ക് കൃഷിക്ക് ആവശ്യമുണ്ട്. പക്ഷെ ഒരു തടസ്സമാണുള്ളത്. പ്ലാസ്റ്റിക്കും കുപ്പിച്ചില്ലും ഉള്ളതുകൊണ്ട് കൃഷിക്കാർ ഇത് വാങ്ങാൻ തയ്യാറല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് കൺക്ലൂഡ് ചെയ്യു.

ശ്രീ. എൻ. ശക്തൻ : ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. തിരുവനന്തപുരം നഗരത്തിലെ കർഷകർ തന്നെ ആ ചവർ വാങ്ങാൻ തയ്യാറാണ്. ആ സാഹചര്യത്തിൽ വീട്ടിൽനിന്ന് ചവർ കളക്ട് ചെയ്യുമ്പോൾ തന്നെ കുപ്പിച്ചില്ലും പ്ലാസ്റ്റിക്കും ഒഴിവാക്കി അത് കർഷകർക്ക് കൃഷി ആവശ്യത്തിന് എത്തിച്ചു കൊടുത്താൽ പ്രയോജനകരമായിരിക്കും. ഞാൻ പ്രധാനപ്പെട്ട ആവശ്യം പറഞ്ഞില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : അടുത്ത ചോദ്യത്തിൽ പറയാം, ഒരു അവസരമുണ്ട്.

ശ്രീ. എൻ. ശക്തൻ : അതോടൊപ്പം തിരുവനന്തപുരം കോർപ്പറേഷൻ മുന്നോ നാലോ മിനി പ്ലാന്റും കൂടി സ്ഥാപിക്കുക, കൃഷി ആവശ്യത്തിന് കൊടുത്തതിനുശേഷം ബാക്കി ചവർ വരികയാണെങ്കിൽ ആ മിനിപ്ലാന്റിലൂടെ അന്നന്ന് സംസ്ക്കരിച്ചാൽ ഒരു പഞ്ചായത്തിലെ മുപ്പത്തിയയ്യായിരം പേർ കഴിഞ്ഞ പത്തു പതിനഞ്ചു വർഷമായി അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി അങ്ങ് മറുപടി പറയൂ.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി): സർ. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിരിക്കുന്ന പ്രശ്നം, ഇവിടെ മാത്രമല്ല. ചവർ സംസ്ക്കരിക്കുന്നതിനുവേണ്ടി എവിടെയെല്ലാം സംവിധാനങ്ങളുണ്ടോ അവിടങ്ങളിലെല്ലാം പ്രാദേശികമായി ഇത്തരത്തിൽ ജനങ്ങളുടെ പ്രതിഷേധം ഉയർന്നുവരുന്നുണ്ട്. അതുകൊണ്ട് ആ സ്ഥലം ഒഴിവാക്കി മറ്റൊരു പുതിയ സ്ഥലം കണ്ടെത്തുകയെന്നുള്ളത് പ്രായോഗികമല്ല. അവിടെ ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ പരമാവധി പരിഹരിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തി അവരുടെ ബുദ്ധിമുട്ട് ഒഴിവാക്കുകയെന്നുള്ളതാണ് ഗവൺമെന്റ് ആ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി. ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ ഈ ഗവൺമെന്റല്ല, ബഹുമാനപ്പെട്ട കരുണാകരൻ മുഖ്യമന്ത്രിയായിരിക്കുന്ന കാലത്താണ് ആ സ്ഥലമെടുത്തത്. അതൊരു വസ്തുതയാണ്.

ശ്രീ. എൻ. ശക്തൻ : .....അന്ന് ഔഷധ തോട്ടങ്ങൾക്കുവേണ്ടിയാണ് ആ സ്ഥലമെടുത്തത്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി പറയട്ടെ.. മന്ത്രിക്ക് മറുപടി പറയാൻ അവസരം കൊടുക്കൂ.

ശ്രീ. വി. ശിവൻ കുട്ടി: .....ഞാൻ വെല്ലുവിളിക്കുകയാണ്.....

മി. ഡെപ്യൂട്ടി സ്പീക്കർ : മന്ത്രി സംസാരിക്കുകയല്ലേ, നിങ്ങൾ പരസ്പരം പറയണ്ട. മിനിസ്റ്റർ പറഞ്ഞിട്ട് നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ ചോദിക്കൂ.

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഔഷധ തോട്ടം നിർമ്മിക്കുന്നതിനുവേണ്ടിയാണ് ഉദ്ദേശിച്ചത് എന്നുള്ളത് വളരെ നല്ല കാര്യമാണ്. പക്ഷെ അവിടെ ഒരു ഔഷധവും ഉണ്ടായിരുന്നില്ല. ചവർ അവിടെ കൊണ്ടിടാൻ വേണ്ടിയാണ് ആ സ്ഥലമുപയോഗിച്ചത്. എന്തായിരുന്നാലും ശരി. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചിരിക്കുന്ന കാര്യം പരിഹരിക്കുന്നതിന് പ്ലാസ്റ്റിക് പൂർണ്ണമായി ഒഴിവാക്കുന്നതിനുവേണ്ടിയുള്ള ഒരു ശ്രമം ആരംഭിച്ചിട്ടുണ്ട്. അങ്ങനെയായാൽ കൊണ്ടുപോകുന്ന മാലിന്യങ്ങളുടെ അളവ് ഗണ്യമായി കുറയ്ക്കാൻ കഴിയും. മറ്റൊന്ന്, തിരുവനന്തപുരം കോർപ്പറേഷനിലെ പ്രധാനപ്പെട്ട ഹോട്ടലുകൾ, റസ്റ്റോറന്റുകൾ പോലുള്ള സ്ഥലങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ച് അതാതു സ്ഥലങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ സംസ്ക്കരിക്കാനുള്ള സംവിധാനം ഒരുക്കുകയാണ്. അങ്ങനെ ആ പ്രശ്നത്തിന് പരിഹാരം കണ്ട് തദ്ദേശവാസികളുടെ പ്രയാസങ്ങൾ ദൂരീകരിക്കുന്നതിനാവശ്യമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്.

ശ്രീ. എൻ. ശക്തൻ : സർ, ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടാണ് ചോദിക്കുന്നത്. എൻഡോസൾഫാൻ ബാധിതരെ സഹായിക്കുന്നതിനുവേണ്ടി ഗവൺമെന്റ് മുന്നോട്ടുവന്നു. ചവർ സംസ്ക്കരണ ഫാക്ടറി വന്നതുമൂലം അവിടത്തെ ജനങ്ങൾക്ക് ചൊറിച്ചിലും വ്രണവും മാറാത്ത രോഗങ്ങളായി മാറിയിരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ചോദ്യം ചോദിക്കൂ...

ശ്രീ. എൻ. ശക്തൻ : ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കുകയാണ്. ഇന്ന് ഇത് വന്നതുമൂലം അവശതയനുഭവിക്കുന്ന അവിടത്തെ പാവപ്പെട്ട ജനങ്ങളെ സഹായിക്കുന്നതിന് ഈ ഗവൺമെന്റ് സാമ്പത്തികസഹായം ചെയ്യുമോ? അതോടൊപ്പം ഒന്നുകൂടി ചോദിക്കട്ടെ, ചവർ സംസ്ക്കരണ ഫാക്ടറി അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരുമാസമായി അവിടെ സമരം നടക്കുന്നു. ഈ സമരം ഒത്തുതീർപ്പാക്കുന്നതിന് ആ സമരസമിതിയേയും ബന്ധപ്പെട്ട ജനപ്രതിനിധികളേയും കോർപ്പറേഷൻ അധികൃതരേയും ബഹുമാനപ്പെട്ട മിനിസ്റ്റർ വിളിച്ചു ചേർത്ത് സംവിധാനം ആരംഭിച്ചുകൊണ്ട് ഈ ഫാക്ടറി അടച്ചുപൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, കഴിഞ്ഞ ആഴ്ചയിൽ പഞ്ചായത്ത് പ്രസിഡന്റ് അടക്കമുള്ള ജനപ്രതിനിധികളെ വിളിച്ചിരുന്നു. കോർപ്പറേഷന്റെ അധികൃതരുമുണ്ടായിരുന്നു. അവിടെ വച്ച് കാര്യങ്ങൾ സംസാരിച്ചിട്ടുണ്ട്. അക്കാര്യത്തിൽ നല്ല രീതിയിൽ തീരുമാനമെടുത്ത് മുന്നോട്ട് പോവുകയാണ്.

10 AM]

(2) ദേശീയപാതാ വികസനം

ശ്രീ. സി. കെ. പി. പത്മനാഭൻ: സർ, കേരളത്തിൽ ദേശീയപാതയുടെ നിർമ്മാണവും നവീകരണവുമായും ബന്ധപ്പെട്ടുകൊണ്ട് പല സന്ദർഭങ്ങളിലായി സംസ്ഥാന ഭരണാധികാരികൾ കേന്ദ്ര ഗവൺമെന്റുമായി ചർച്ച നടത്തിയെന്ന് വാർത്തയുണ്ട്. വാർത്തയല്ലാതെ വിഷയങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. കേരളത്തിൽ 1513 കിലോ മീറ്റർ ദേശീയ പാത വിവിധ പാതകളായി കണ്ടെത്തിയിട്ടുണ്ടെന്നാണ് കാണാൻ സാധിക്കുന്നത്. ഏഴ് മേഖലകളായിട്ടാണ് ഈ റോഡുകൾ നിലനിൽക്കുന്നുത്. നിലവിലുള്ള നിയമം അനുസരിച്ച് ഓരോ വർഷവും റോഡുകൾ നവീകരിക്കുന്നതിനുവേണ്ടി 20 ശതമാനം തുക കേന്ദ്ര ഗവൺമെന്റ് തരണമെന്നാണ്. അത് പ്രകാരം 302 കിലോമീറ്റർ റോഡ് ഓരോ വർഷവും റിപ്പയർ ചെയ്യേണ്ടതുണ്ട്. നിലവിലുള്ള നിയമം അനുസരിച്ച് 1513 കോടി രൂപയാണ് തരേണ്ടത്. പക്ഷേ 2005-ൽ 15 കോടി രൂപയും 2006-ൽ 32 കോടി രൂപയും 2007-ൽ 85 കോടി രൂപയും 2008-ൽ 71 കോടി രൂപയും 2009-ൽ 74 കോടി രൂപയുമായി ആകെ 257 കോടിരൂപയാണ് തന്നത്. 5026 കോടി രൂപ കിട്ടേണ്ട സ്ഥാനത്ത് 257 കോടി രൂപ മാത്രമാണ് കേന്ദ്ര ഗവൺമെന്റ് തന്നത്. കേന്ദ്ര ഗവൺമെന്റ് ഈ സംസ്ഥാനത്തോട് കാണിക്കുന്ന ക്രൂരമായ അവഗണനയായി ഇതിനെ കാണാൻ സാധിക്കും. കേരളം ഗ്രാമ-നഗര വ്യത്യാസമില്ലാതെ വികസിച്ചുകൊണ്ടിരിക്കുകയാണ്. ഇതു കൊണ്ടുതന്നെ കേരളത്തിലെ റോഡുകളുടെ വികസനം വളരെ അത്യാവശ്യമായി മാറിക്കഴിഞ്ഞു. പത്ത് മീറ്റർപോലും വീതിയില്ലാത്ത ദേശീയപാത സ്ഥലമുണ്ട്. കഴിഞ്ഞ ദിവസം ഞാൻ തന്നെ ഇവിടെ സൂചിപ്പിച്ചു. എന്നെപ്പറ്റി ഇവിടെ പറഞ്ഞു, എന്റെ മണ്ഡലത്തിൽ തന്നെയുള്ള 30 കിലോ മീറ്ററിൽ ഈ 10 മീറ്റർ പോലുമില്ലാത്ത സ്ഥലത്ത് ഒരിഞ്ച് സ്ഥലം ഇന്നുവരെ എടുക്കാത്തതിന്റെ ഭാഗമായി 5 സ്വകാര്യ വ്യക്തികളോട് സമ്മതം വാങ്ങി, അവർ ആ സ്ഥലം വെറുതെ വിട്ടുതന്നതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾതന്നെ മുൻകൈയെടുത്ത് പുനരുദ്ധരിച്ചതിന്റെ ഫലമായിട്ടാണ് ഇപ്പോൾ ആ പാതയിൽക്കൂടി വാഹനങ്ങൾ പോയിക്കൊണ്ടിരിക്കുന്നത്. നാല് വരി പോയിട്ട് രണ്ട് വരിപോലും കേരളത്തിൽ ഇപ്പോൾ ഒരിടത്തുമില്ലാത്ത അവസ്ഥയാണ്. ആദ്യം സർവ്വകക്ഷിയോഗത്തിൽ നാഷണൽ ഹൈവേ 30 മീറ്റർ ആക്കാനായിരുന്നു നിർദ്ദേശം. പിന്നീട് കേന്ദ്രം 60 മീറ്റർ പറഞ്ഞപ്പോൾ സംസ്ഥാനം 45 മീറ്ററാക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും ഇത് എങ്ങനെ നടപ്പിലാക്കും? ഉദാഹരണത്തിന് എൻ.എച്ച്.-മായി ബന്ധപ്പെട്ട വിവിധ ആഫീസുകളിൽ ജനങ്ങൾ പോകുന്ന സന്ദർഭത്തിൽ വ്യത്യസ്ത രൂപത്തിലുള്ള അലെയ്ൻമെന്റ് നിർദ്ദേശങ്ങളാണ് കൊടുക്കുന്നത്. ഇങ്ങനെ കിട്ടിയ രേഖകൾ വച്ചിട്ട് ജനങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും തർക്കത്തിലും

LIBRARY ARCHIVES Kerala Legislative Assembly